# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3182 07.02.2018-ൽ മറുപടിയ്ക്ക്**

**തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഹരിപ്പാട് മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്നു വിശദമാക്കാമോ; | എ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 19 ൽ ഉൾപ്പെടുത്തി 141.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിയ്ക്കായി ആലപ്പുഴ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. പിന്നീട് കുഴൽ കിണർ നിർമ്മാണത്തിനായി ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ദർഘാസ് ക്ഷണിച്ചെങ്കിലും അതിലും ആരും പങ്കെടുത്തില്ല. തുടർന്ന് കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഭൂജല വകുപ്പിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നത്; വ്യക്തമാക്കുമോ? | ബി) തൃക്കുന്നപ്പുഴ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നവ വലിയ പറമ്പ്, കെ. വി.ജട്ടി, കലവറ ജംഗ്ഷൻ പടിഞ്ഞാറ് എന്നിവിടങ്ങളിൽ കുഴൽകിണർ, പമ്പ് സെറ്റ്, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ആർ.ഒ പ്ലാന്റ് ഇവയുടെ നിർമ്മാണം. തീരദേശ റോഡിൽ ചേലക്കാട് മുതൽ പല്ലന വരെ 3 കി.മീ 150എം.എം എസി പൈപ്പ് ലൈൻ മാറ്റി 160 പി.വി.സി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.<br><br>ആറാട്ടുപുഴ മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിൽ പെരുവള്ളി |

sump ൽ നിലവിലുളള പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പ ണികൾ, പുതിയ പമ്പ് ഹൗസ് നിർമ്മാണം 10 HP, 30 HP പമ്പ് സെറ്റുകൾ സ്ഥാപിക്കൽ വലിയഴീക്കൽ സംഭരണി വരെ 160 എം.എം. പി.വി.സി 2500 മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ ആറാട്ടുപുഴ കിഴക്കേകരയിലും പടിഞ്ഞാറേ കരയിലും ആയി 110 എം.എം പി.വി.സി ഡിസ്ട്രിബ്യൂഷൻ മെയിൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

**സെക്ഷൻ ആഫീസർ**